കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

നമ്പർ. 22773/എൽ3/13/ഉവിവ. തിരുവനന്തപുരം

തീയതി: 17.01.2014

പ്രേഷിതൻ

ഗവ:അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം.

മാഡം,

വിഷയം:- ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് - സംബ -

സൂചന:- താങ്കളുടെ 26.06.2013 ലെ ഇ.സി.2/11439/12/ഡി.ടി.ഇ. നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒരു തസ്തികയുടെ direct line of പ്രൊമോഷനിൽ വരുന്ന തസ്തികയിലേക്ക് ജീവനക്കാരൻ പ്രൊമോഷനാകുമ്പോൾ/നിയമിക്കപ്പെടുമ്പോൾ അപ്രകാരം നിയമിക്കപ്പെടുന്ന തസ്തിക സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്നതാണെങ്കിലും, മേൽ തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം/പ്രമോഷൻ സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനായി നേരിട്ടുള്ള നിയമനമായി കണക്കാക്കില്ല. ഉദാഹരണത്തിന് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരന്, സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരൻ, സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കും പ്രമോഷനാകുമ്പോൾ/ നിയമിക്കപ്പെടുമ്പോൾ മേൽ നിയമനങ്ങൾ സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്റ്റേറ്റ് സർവ്വീസിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളാണെങ്കിലും, സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനായി നേരിട്ടുള്ള നിയമനമായി പരിഗണിച്ച് സീനിയർ സൂപ്രണ്ട് തസ്തികയും, സെക്ഷൻ ഓഫീസർ തസ്തികയും പ്രവേശന തസ്തികയായി കണക്കാക്കി സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുവാൻ സാധിക്കില്ല. ഇക്കാര്യമാണ് 09.10.07 ലെ ജി.ഒ.(പി) നമ്പർ 494/07/(77)/ഫിൻ സർക്കാർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ direct line of promotion ൽ വരുന്ന തസ്തിക അല്ല ടെക്നിക്കൽ ഹൈസ്കൂളിലെ സൂപ്രണ്ട് തസ്തിക. അതുപോലെ ഡെമോൺസ്ട്രേറ്റർ തസ്തികയുടെ direct line of promotion ൽ വരുന്ന തസ്തിക അല്ല ലക്ചറർ തസ്തിക. സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ടെക്നിക്കൽ അസിസ്റ്റന്റ്

തസ്തികയിലും, ഡെമോൺസ്ട്രേറ്റർ തസ്തികയിലും സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരനെ ബൈട്രാൻസ്ഫർ രീതിയിലൂടെയാണ്, THS ലെ സൂപ്രണ്ട് തസ്തികയിലേയ്ക്കും, ലക്ചറർ തസ്തികയിലേയ്ക്കും യഥാക്രമം നിയമിക്കുന്നത്. ഇത്തരത്തിൽ ഉള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾ അവ· സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്റ്റേറ്റ് സർവ്വീസിലേയ്ക്കുള്ള നിയമനമാണെങ്കിൽ കൂടി ടി തസ്തികകൾ പ്രവേശന തസ്തികയായി പരിഗണിച്ച് ആണ് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കേണ്ടത്. അപ്രകാരം അനുവദിക്കുന്നതിന് 9/10/2007 ലെ ജി.ഒ.(പി) നമ്പർ 494/07/(77)/ഫിൻ സർക്കാർ ഉത്തരവിലെ നിബന്ധന തടസ്സമാകില്ലെന്ന കാര്യം കൂടി താങ്കളെ അറിയിക്കുന്നു

വിശ്വസ്തതയോടെ

ചന്ദ്രിക ഒ

ഗവ:അണ്ടർ സെക്രട്ടറി

ഗവ:അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ